# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 125 04.02.2013 - ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖത്തിന്റെ പരിസ്ഥിതി പഠനവും ഇ.പി.സി ടെൻഡറിനുള്ള മാസ്റ്റർപ്ലാനും സാങ്കേതിക പഠനവും പൂർത്തിയാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പാരിസ്ഥിതിക പഠനവും ഇ.പി.സി ടെൻഡറിനുള്ള മാസ്റ്റർ പ്ലാനും, സാങ്കേതിക പഠനവും (ഡിപിആർ) പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ടെൻഡറിനായുള്ള മാസ്റ്റർ പ്ലാനും ഡി.പി.ആറും 2012 ഡിസംബർ മാസത്തിൽ പൂർത്തിയായിട്ടുണ്ട്. പാരിസ്ഥിതിക പഠനം നടത്തുന്ന ഏജൻസികളിൽ ഒന്നായ L&T Ramboll Engineers (India ) Ltd, അവരുടെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് 2012 ആഗസ്റ്റ്/നവംബർ മാസങ്ങളിൽ വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡിന് സമർപ്പിച്ചിരുന്നു. പദ്ധതി ഉപദേശകരായ ഐ.എഫ്.സി മുഖാന്തിരം നടത്തുന്ന പഠനം 2012 സെപ്റ്റംബറിൽ പൂർത്തീകരിച്ചു. എങ്കിലും ചില എൻ.ജി.ഒ-കളുടേയും ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷന്റെയും പരാതികളുടെ അടിസ്ഥാനത്തിൽ എല്ലാ വിശകലനങ്ങളും ഉൾപ്പെടുത്തി |
| (ബി) | എങ്കിൽ അവ എന്നാണ് പൂർത്തിയാക്കിയത്; | | |

----2

| | | | |
|---|---|---|---|
| | | | ഫെബ്രുവരി മാസത്തിൽ അന്തിമ റിപ്പോർട്ട് ഐ.എഫ്.സി ലഭ്യമാക്കുമെന്ന് തുറമുഖ കമ്പനിയെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികളുടെ തുടർ പ്രവർത്തനങ്ങൾ എന്നാരംഭിക്കും; | (സി) | പാരിസ്ഥിതിക പഠന റിപ്പോർട്ട് കിട്ടിയാലുടൻ രണ്ടു ഏജൻസികളും നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടുകളും സംയോജിപ്പിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു സമർപ്പിച്ച് 2006-ലെ കേന്ദ്ര ഇഐഎ നോട്ടിഫിക്കേഷൻ അനുസരിച്ച് ജില്ലാ കളക്ടർക്ക് മുന്നിൽ പബ്ലിക് ഹിയറിംഗ് നടത്തേണ്ടതുമാണ്. പബ്ലിക് ഹിയറിംഗിന്റെ റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിനു പാരിസ്ഥിതികാനുമതിയ്ക്കു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പാരിസ്ഥിതികാനുമതി കേന്ദ്ര സർക്കാർ നൽകിയതിനു ശേഷം മാത്രമേ തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിക്കുന്നതിനു നിയമപരമായി സാധിക്കുകയുള്ളൂ. ടെൻഡർ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ 3 വർഷം കൊണ്ട് അടിസ്ഥാന സൗകര്യ വികസനങ്ങൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കണക്കു കൂട്ടുന്നത്. |

സെക്ഷൻ ഓഫീസർ